**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കുമരകം ഗ്രാമപഞ്ചായത്ത് യു.ഡി. ക്ലാർക്ക് ശ്രീ. ഷൈജു, എൽ.ഡി. ക്ലാർക്ക് ശ്രീമതി. ആശാ ഗോപിനാഥ് എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1253/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 20.04.2017

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.10.2012-ലെ ഇ 5-(എസ് സി 22/2012/കെറ്റിഎം) 21132/2012 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 03.11.2012-ലെ 13312/ഡി3/2012/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 20.02.2013-ലെ 76015/ഇപിബി2/12/തസ്വഭവ നമ്പർ കുറ്റപത്രം
4. പഞ്ചായത്ത് ഡയറക്ടറുടെ 22.09.2014-ലെ ഡി5-12293/2013 നമ്പർ കത്ത്

**ഉത്തരവ്**

"ഓപ്പറേഷൻ ഗ്രാമം" പദ്ധതിയുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അധികൃതർ കുമരകം ഗ്രാമപഞ്ചായത്തിൽ പരിശോധന നടത്തി പരാമർശം (1), (2) എന്നിവ പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

1. വോഡാഫോൺ സെല്ലുലാർ ലിമിറ്റഡ് ടവർ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ നല്കിയെങ്കിലും സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ചില്ല
2. ആറ്റമംഗലം ചർച്ച് കൊമേർഷ്യൽ ബിൽഡിംഗ് ന്റെ കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ ലഭിച്ചെങ്കിലും സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ചില്ല.
3. ആവശ്യമായ സർട്ടിഫിക്കറ്റുകളില്ലാതെ 15 വ്യവസായ-വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നല്കി

ടി ക്രമക്കേടുകൾക്ക് കാരണക്കാരായ കുമരകം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി.കെ. പ്രസന്നൻ, എൽ.ഡി. ക്ലർക്ക് ശ്രീമതി. ആശാ ഗോപിനാഥ്, യു.ഡി. ക്ലർക്ക് ശ്രീ. ഷൈജു, എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടികൾ ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. ആശാ ഗോപിനാഥ്, ശ്രീ. ഷൈജു, എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

വോഡാഫോൺ സെല്ലുലാർ ലിമിറ്റഡിന്റെ ടെലി-കമ്മ്യൂണിക്കേഷൻ ടവർ നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ശ്രീ. ഷൈജു.ഡി, യു.ഡി. ക്ലാർക്ക് നടപടി കൈക്കൊണ്ടില്ലെന്ന കുറ്റം സംബന്ധിച്ച് ടി അപേക്ഷ 13/12/2010-ൽ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽനിന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും, പ്രസ്തുത ടവർ നിർമ്മാണത്തിനായുള്ള പ്ലാൻ തയ്യാറാക്കിയത് സിവിൽ എഞ്ചിനീയർ ഗ്രേഡ്-എ എന്നും സൂപ്പർവൈസർ-എ എന്നും രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അതിന്റെ സ്പഷ്ടീകരണത്തിനായി പ്രസ്തുത കമ്പനിക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള എ-5665/10 നമ്പർ കത്ത് 1/1/2011 തീയതി പഞ്ചായത്തിൽനിന്നും അയച്ചിട്ടുള്ളതായി കാണുന്നുണ്ടെന്നും, എന്നാൽ ടി കത്തിന് കമ്പനി പഞ്ചായത്തിൽ മറുപടി സമർപ്പിച്ചിട്ടില്ലാത്തതുകൊണ്ട് പെർമിറ്റ് അനുവദിക്കുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അപേക്ഷ നിരസിച്ചതായി കാണുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുമരകം ആറ്റമംഗലം ചർച്ച് കൊമേർഷ്യൽ ബിൽഡിംഗ് അപേക്ഷയിന്മേൽ തുടർനടപടി ഉണ്ടായില്ല എന്ന ശ്രീ. ഷൈജുവിനെതിരായ ആരോപണം സംബന്ധിച്ച്, 7/5/12 ൽ സമർപ്പിച്ച അപേക്ഷ അന്വേഷണം നടത്തി ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി 6/7/12 ൽ എ4-2/12-13 നമ്പറായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതായി ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും പെർമിറ്റ് അനുവദിച്ച് നല്കുന്നതിന് 2 മാസം സമയം എടുത്തിട്ടുള്ളതായി കാണുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വിവിധ വ്യവസായ-വാണിജ്യ ആവശ്യങ്ങൾക്കായി പുതുക്കി നല്കിയ ലൈസൻസിനു വേണ്ടിയുള്ള അപേക്ഷകളിൽ മതിയായ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരുന്നില്ല എന്ന എൽ.ഡി. ക്ലാർക്ക് ശ്രീമതി. ആശാ ഗോപിനാഥിനെതിരെയുള്ള കുറ്റം സംബന്ധിച്ച് അന്വേഷിച്ചതിൽ ടിയാരി 2012-13 വർഷം ലൈസൻസ് കൈകാര്യം ചെയ്തിട്ടുള്ളതായും 8/6/2012 ലെ വിജിലൻസ് പരിശോധനാ വേളയിൽ 74 ലൈസൻസുകൾ അനുവദിച്ചിട്ടുള്ളതായും കാണുന്നുണ്ടെന്നും അവയിൽ 15 ലൈസൻസ് അപേക്ഷകളോടൊപ്പം മതിയായ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരുന്നില്ലെന്നും ടി അപേക്ഷകൾ ലൈസൻസ് പുതുക്കി നല്കുന്നതിനായുള്ളവയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും 2011-12 വർഷത്തെ അപേക്ഷയോടൊപ്പം ലഭിച്ചിട്ടുള്ളതും ബഹുവർഷത്തേയ്ക്ക് സാധുതയുള്ള സർട്ടിഫിക്കറ്റുകളാണ് 2012-13 വർഷത്തെ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജാതി സെൻസസ് എന്യൂമറേറ്ററായി ജോലി ചെയ്യേണ്ടി വന്നതിനാൽ ഏപ്രിൽമാസം ഏറിയപങ്കും സെൻസസ് ഡ്യൂട്ടിയിലായിരുന്നതിനാൽ സമയക്കുറവ് മൂലമാണ് സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തി സൂക്ഷിക്കാതിരുന്നതെന്ന് ടിയാൾ ബോധിപ്പിച്ചിട്ടുണ്ടെന്നും അന്വേഷണ സമയത്ത് ഫയലുകളിൽ സാക്ഷ്യപത്രങ്ങൾ ഉൾക്കൊള്ളിച്ച് സൂക്ഷിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ടെന്നും പഞ്ചായത്തിലെ തിരക്കിനോടൊപ്പം ജാതി സെൻസസ് ടി ജീവനക്കാരിക്ക് നല്കിയതിനാലാണ് ഇത് സംഭവിച്ചതെന്ന് ബോധ്യപ്പെട്ടതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ലഭ്യമായ രേഖകളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുമരകം ഗ്രാമപഞ്ചായത്തിലെ മുൻ

യു.ഡി. ക്ലാർക്ക് ശ്രീ. ഷൈജു, മുൻ എൽ.ഡി. ക്ലാർക്ക് ശ്രീമതി ആശാ ഗോപിനാഥ് എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാളുകളെ കുറ്റവിമുക്തരാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. ഷൈജു, യു.ഡി. ക്ലാർക്ക്, കുമരകം ഗ്രാമപഞ്ചായത്ത്
2. ശ്രീ. ശ്രീമതി. ആശാ ഗോപിനാഥ്, എൽ.ഡി. ക്ലാർക്ക്, കുമരകം ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.14415/ഡി3/2016/വിജി. തീയതി 04.02.2017 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.76015/ഇപിബി2/2012/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ